## ALL INDIA RADIO THIRUVANANTHAPURAM

### ആകാശവാണി, തിരുവനന്തപുരം
### പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 07.02.2026**

## പ്രധാനവാർത്തകൾ

1. വികസനത്തിന് ഊർജ്ജം പകരുന്ന വിശ്വസ്ത പങ്കാളിയായാണ് അയൽരാജ്യങ്ങൾ ഇന്ത്യയെ കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; മലേഷ്യയിലെത്തിയ പ്രധാനമന്ത്രിയെ വരവേറ്റ് ഇന്ത്യൻ സമൂഹം.

2. രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു.

3. സാധാരണക്കാരന്റെ ആശ്രയമാണ് സർക്കാർ ആരോഗ്യ കേന്ദ്രങ്ങളെന്ന് മന്ത്രി വീണാ ജോർജ്.

4. സംസ്ഥാനത്തെ അനാഥാലയങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാരുടെ വീടുകൾക്കും കുടിവെള്ള ചാർജിൽ ഇളവ് അനുവദിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.

5. സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടത്തിനായി നാളെ കേരളം സർവീസസിനെ നേരിടും.

6. ഐസിസി പുരുഷ ട്വൻ്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ അമേരിക്ക പോരാട്ടം അല്പസമയത്തിനകം

&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ)

വികസനത്തിന് ഊർജ്ജം പകരുന്ന വിശ്വസ്ത പങ്കാളിയായാണ് അയൽരാജ്യങ്ങൾ ഇന്ത്യയെ കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിശ്വാസമാണ് ഇന്ത്യയുടെ ഏറ്റവും ശക്തമായ കറൻസിയെന്നും പ്രധാനമന്ത്രി പറഞ്ഞു. ക്വാലാലംപൂരിൽ 15,000 ഇന്ത്യൻ പ്രവാസികൾ പങ്കെടുക്കുന്ന സ്വീകരണച്ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ഡിജിറ്റൽ പണമിടപാട് സംവിധാനമായ UPI ഉടനെ മലേഷ്യയിലും അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്....)

രണ്ടു ദിവസത്തെ മലേഷ്യ സന്ദർശനത്തിനായി ക്വലാലംപുരിലെത്തിയ പ്രധാനമന്ത്രിയെ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിൻറെ നേതൃത്വത്തിൽ വിമാനത്താവളത്തിൽ സ്വീകരിച്ചു. സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിതല ചർച്ചകളും ഉഭയകക്ഷി കൂടിക്കാഴ്ചകളും നാളെ നടക്കും.

&&&&&&&&&&&&&

RNU TVPM

## മുഖ്യമന്ത്രി പിണറായി വിജയൻ

രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. സംസ്ഥാനത്തെ ആരോഗ്യ രംഗത്തുണ്ടായ സമഗ്ര മാറ്റത്തിനുള്ള ഉദാഹരണമാണ് ഈ ആശുപത്രിയെന്ന് അദ്ദേഹം പറഞ്ഞു. പല കാര്യങ്ങളിലും കേരളം രാജ്യത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചേവായൂരിലെ ത്വക്ക് രോഗ ആശുപത്രിയുടെ 20 ഏക്കർ സ്ഥലത്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് നിർമിക്കുന്നത്. വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം, കോർണിയ തുടങ്ങി സങ്കീർണ്ണമായ എല്ലാ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും ഇവിടെ ലഭ്യമാകും.

&&&&&&&&&&&&&

## വീണാ ജോർജ്- കോഴിക്കോട്

വ്യാജ പ്രചരണങ്ങൾക്കിടയിലും സാധാരണക്കാരന്റെ ആശ്രയമായി സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ നിലകൊള്ളുന്നതായി മന്ത്രി വീണാ ജോർജ്. കോഴിക്കോട് ഗവ. മെഡിക്കൽ കോളജ്, ദന്തൽ കോളേജ്, കോളജ് ഓഫ് നേഴ്സിംഗ് എന്നിവിടങ്ങളിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി. 1500 ആൻജിയോ പ്ലാസ്റ്റികൾ ഉൾപ്പെടെ 5000-ൽ അധികം കാർഡിയോളജിക്കൽ ചികിത്സകളാണ് ഇവിടെ നടന്നതെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളജിൽ സ്കിൻ ബാങ്ക് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&

## നിപ സദസ്സ്-ആരോഗ്യമന്ത്രി

കോഴിക്കോടുള്ള കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റെസിലിൻസിൽ നിപ ജാഗ്രത സദസ്സ് സംഘടിപ്പിച്ചു. ആരോഗ്യ മന്ത്രി  വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. നിപയെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരണം ഉൾക്കൊള്ളിച്ച ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം, ബോധവൽക്കരണ പോസ്റ്ററുകളുടെ പ്രകാശനം എന്നിവയും ആരോഗ്യ മന്ത്രി നിർവഹിച്ചു.

RNU TVPM

&&&&&&&&&&&&&&

## മന്ത്രി കെ.എൻ ബാലഗോപാൽ

ഓരോ തൊഴിൽമേഖലയിലും അടിസ്ഥാന വൈദഗ്ധ്യം നൽകി തൊഴിലിന് പ്രാപ്തമാക്കുകയാണ് വിജ്ഞാനകേരളത്തിൻ്റെ പ്രധാനലക്ഷ്യമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ. കൊട്ടാരക്കര സെൻ്റ് ഗ്രിഗോറിയസ് കോളേജിൽ വിജ്ഞാനകേരളം സംഘടിപ്പിച്ച തൊഴിൽ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രാദേശിക തൊഴിലവസരങ്ങൾ ലഭ്യമാക്കാനും വിജ്ഞാനകേരളത്തിൻ്റെ പ്രവർത്തനം സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

<u>റോഷി അഗസ്റ്റിൻ-കുടിവെള്ളം</u>

സംസ്ഥാനത്തെ അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും ഭിന്നശേഷിയുള്ളവർ താമസിക്കുന്ന വീടുകൾക്കും കുടിവെള്ള ചാർജിൽ ഇളവ് അനുവദിക്കാൻ ഉത്തരവായതായി മന്ത്രി റോഷി അഗസ്റ്റിൻ. സാമൂഹിക പ്രതിബദ്ധത മുൻനിർത്തിയാണ് അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വെള്ളക്കരത്തിന്റെ വർധനവിൽ ഇളവ് അനുവദിക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

<u>നിയമസഭ തെരഞ്ഞെടുപ്പ്- ബിജെപി ദേശീയ അധ്യക്ഷൻ</u>

തൃശൂരിൽ നിയമസഭ തെരഞ്ഞെടുപ്പ് പ്രചരണത്തിനു തുടക്കം കുറിച്ച് ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ. തൃശൂർ ഒല്ലൂക്കരയിൽ തിരഞ്ഞെടുപ്പ് ചുവരെഴുത്ത് അദ്ദേഹം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ,സംസ്ഥാന ജനറൽ സെക്രട്ടറി എ സ് സുരേഷ്, തുടങ്ങിയവർ പങ്കെടുത്തു.

RNU TVPM

&&&&&&&&&&&&&&&&

<u>അടൂർ പ്രകാശ് - എസ് ഐ ടി</u>

ശബരിമല സ്വർണ്ണ അപഹരണക്കേസിൽ യു ഡി എഫ് കൺവീനറും എം പിയുമായ അടൂർ പ്രകാശിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് ആസ്ഥാനത്തായിരുന്നു ചോദ്യം ചെയ്യൽ.

&&&&&&&&&&&&&&&&

<u>സമഗ്ര അന്താരാഷ്ട്ര വിദ്യാലയം</u>

കേരളത്തിലെ ആദ്യത്തെ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവ. ഹയർ. സെക്കണ്ടറി സ്കൂൾ ഈ മാസം 10 ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

60 കോടിയോളം രൂപ ചെലവാഴിച്ചാണ് വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

&&&&&&&&&&&&&

<u>ഇടുക്കി - പിടിസി (ഇൻട്രോ)</u>

പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിൽ അനുവദിച്ച ഇടുക്കി കോച്ചേരിക്കടവ് പാലം നിർമാണം നിലച്ചതോടെ ദുരിതത്തിലായി കോഴിപ്പള്ളി ആദിവാസി ഉന്നതി നിവാസികൾ. വടക്കനാറിന് കുറുകെയുള്ള ഈ പാലം എത്രയും വേഗം യാഥാർഥ്യമാക്കിയാലേ നാടിനു വികസനമുണ്ടാകൂ എന്ന് ഉന്നതിയിലുള്ളവർ പറയുന്നു. **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**
**( വോയിസ്...)**

&&&&&&&&&&&&&

<u>സന്തോഷ് ട്രോഫി</u>

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം, നാളെ സർവീസസിനെ നേരിടും. ഉച്ചയ്ക്ക് ഒരു മണിക്ക് അസമിലാണ് മത്സരം.

RNU TVPM

&&&&&&&&&&&&&

<u>ക്രിക്കറ്റ്</u>

ഐസിസി പുരുഷ ട്വൻ്റി-20 ലോകകപ്പ് ക്രിക്കറ്റിൽ കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇപ്പോൾ നടന്ന മത്സരത്തിൽ സ്കോട്ടലൻഡിനെതിരെ വെസ്റ്റ് ഇൻഡീസിന് 35 റൺ ജയം. 183 റൺസ് വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ സ്കോട്ലൻഡ് എഴ് പന്ത് അവശേഷിക്കെ എല്ലാവരും പുറത്തായി. ഇന്ന് കൊളംബോയിലെ സിംഹളീസ് സ്പോർട്സ് ക്ലബ്ബിൽ നടന്ന ഉദ്ഘാടന മത്സരത്തിൽ പാകിസ്ഥാൻ നെതർലാൻഡ്സിനെ 3 വിക്കറ്റിന് പരാജയപ്പെടുത്തി. അതേസമയം, നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് രാത്രി ഏഴിന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ അമേരിക്കയെ നേരിടും.

&&&&&&&&&&&&&

## <u>മൈ ഭാരത് ബജറ്റ് ക്വിസ്</u>

കേന്ദ്ര യുവജന കാര്യ കായികമന്ത്രാലയം മേരാ യുവ ഭാരത് എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മൈ ഭാരത് ബജറ്റ് ക്വസ്സ്ലൂടെ തിരഞ്ഞെടുക്കപ്പെടുന്ന യുവതീ യുവാക്കൾക്ക് പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ അവസരം. ഇതിലേയ്ക്കായി ഈ മാസം 17 വരെ മേരാ യുവ ഭാരത് പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കുന്ന ഡിജിറ്റൽ ക്വിസ് മത്സരത്തിൽ 15 മുതൽ 29 വയസുവരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം. mybharat.gov.in പോർട്ടൽ വഴിയാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

&&&&&&&&&&&&&

## <u>കേരളം - എസ്ഐആർ</u>

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. എസ് ഐ ആറിൻറെ ഭാഗമായുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായിട്ടുണ്ട്. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസദ്ധികരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&

## <u>പരീക്ഷാ പേ ചർച്ച</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-◌ാ◌ം പതിപ്പിൻറെ രണ്ടാം ഭാഗം മറ്റെന്നാൾ. രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കുന്നതാണ് രണ്ടാം ഭാഗം. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും യുട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

&&&&&&&&&&&&&

RNU TVPM

**മാരാമൺ കൺവൻഷൻ**

131-ാമത് മാരാമൺ കൺവൻഷന് നാളെ തുടക്കമാകും. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മിഷനറി വിഭാഗമായ മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കൺവൻഷൻ പമ്പ മാരാമൺ മണൽപ്പുറത്ത് ഈ മാസം 15 വരെ തുടരും.

&&&&&&&&&&&&&&

**സ്വർണ്ണവില**

സ്വർണ്ണ വില കൂടി. പവന് 2120 രൂപ വർധിച്ച് ഒരു ലക്ഷത്തി 12 ആയിരത്തി 720 രൂപയും ഗ്രാമിന് 14355 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&

**പ്രതിപക്ഷ നേതാവ്**

പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നയിക്കുന്ന യുഡിഎഫ് പുതുയുഗയാത്ര കണ്ണൂർ ജില്ലയിൽ പര്യടനം തുടങ്ങി. ജില്ലാ അതിർത്തിയിൽ യുഡിഎഫ് നേതാക്കൾ യാത്രയെ സ്വീകരിച്ചു.. തുടർന്ന് പയ്യന്നൂരിലും തളിപ്പറമ്പും ജാഥയ്ക്ക് സ്വീകരണം നൽകി. സംസ്ഥാനത്തെ എല്ലാ മേഖലയിലെയും വികസനത്തിനായി യുഡിഎഫിന് പ്രത്യേക പദ്ധതികൾ തയ്യാറായിട്ടുണ്ട് എന്ന് വി ഡി സതീശൻ പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&

**ആറ്റുകാൽ പൊങ്കാല -അവലോകന യോഗം**

ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗം മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്നു . പൊങ്കാലയോടനുബന്ധിച്ചുള്ള എല്ലാ പ്രവൃത്തികളും ഈ മാസം 20ന് മുമ്പ് പൂർത്തീകരിക്കണമെന്ന് മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെയാണ് ആറ്റുകാൽ പൊങ്കാല മഹോത്സവം.

&&&&&&&&&&&&&&

## ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്

സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പുകൾക്ക് തുടക്കമായി. നെടുമങ്ങാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിച്ച ജില്ലാതല ക്യാമ്പിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 213 സ്കൂളുകൾക്ക് അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തു. ഐഎസ്ആർഒയും നാസയും ബഹിരാകാശ ദൗത്യങ്ങളിൽ റോവറുകളെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന സാങ്കേതിക തത്വങ്ങൾ അടിസ്ഥാനമാക്കിയാണ് ക്യാമ്പിലെ പ്രോഗ്രാമിങ് സെഷനുകൾ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&

&&&&&&&&&&

&&&&&&&&

RNU TVPM